**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 830** **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിലെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ആന്റണി രാജു** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ വിദ്യാഭ്യാസനിലവാരം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഇവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ശാക്തീകരിക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. പ്രീ-മെട്രിക് സ്കോളർഷിപ്പ്<br><br>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br><br>2. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്<br><br>3.മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ<br><br>4.ഇതര സംസ്ഥാന പഠനം<br><br>5.അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് സ്കോളർഷിപ്പ്<br><br>6.സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br><br>7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം<br><br>8. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.<br><br>9. ലാപ്ടോപ്പ് വിതരണം<br><br>10. പഠന മുറി പദ്ധതി<br><br>11.ഗോത്രബന്ധു പദ്ധതി<br><br>12. ഗോത്ര സാരഥി (വിദ്യാവാഹിനി) പദ്ധതി |

| | | | |
|---|---|---|---|
| | | | 13. ലക്ഷ്യ -സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം<br><br>14.വിങ്ങ്സ്-വൈമാനിക പരിശീലന പരിപാടി<br><br>15. വിഷൻ- മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം<br><br>പ്രസ്തുത പദ്ധതികൾ പ്രകാരം പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിലുള്ള യുവജനങ്ങളെ ശാക്തീകരിക്കുന്നതിനും, സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടു വരുന്നതിനും, മത്സരപരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ കൃത്യമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ഓരോ വർഷത്തേയും ബഡ്ജറ്റ് വിഹിതത്തിൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭ്യമായ തുക വിനിയോഗിച്ച് അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകൾ സമയബന്ധിതമായി വിതരണം ചെയ്തു വരുന്നുണ്ട്. |
| (സി) | പഠനമുറി പദ്ധതി വിപുലീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കുമോ; | (സി) | സംസ്ഥാനത്തെ ഗവ/ എയ്ഡഡ് /സ്പെഷ്യൽ/ ടെക്നിക്കൽ/ കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ 8 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന 800 ചതുരശ്ര അടി താഴെ വിസ്തീർണ്ണമുള്ള ഭവനങ്ങളിൽ താമസിക്കുന്ന 1 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യർത്ഥകൾക്ക് 100 സ്ക്വയർ ഫീറ്റ് വിസതൃതിയിൽ പഠനമുറി നിർമ്മിക്കുന്നതിന് അനുമതി നൽകിവരുന്നു. നിലവിലെ വ്യവസ്ഥ പ്രകാരം പഠനമുറി പദ്ധതിയ്ക്കായുള്ള വിദ്യാർത്ഥികളുടെ അപേക്ഷ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം സഹിതം രക്ഷിതാക്കൾ പട്ടികജാതി വികസന ഓഫീസർക്ക് നൽകേണ്ടതാണ്. |
| (ഡി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനം ഉറപ്പാക്കുന്നതിനും അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ? | (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനം ഉറപ്പാക്കുന്നതിനായുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1.ലാപ് ടോപ്പ് പദ്ധതി<br><br>2. സ്റ്റാർട്ടപ്പ് ഡ്രീംസ്<br><br>3.നൈപുണ്യ വികസന പരിശീലനങ്ങൾ<br><br>4.ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ പദ്ധതി |

സെക്ഷൻ ഓഫീസർ